## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1338** **31.10.2019 -ൽ മറുപടിയ്ക്ക്**

**പാചകത്തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ; | എ) | ഉണ്ട്. 05.09.2016 മുതൽ പാചകതൊഴിലാളികളുടെ കുറഞ്ഞ വേതനം 400/- രൂപയായും കൂടിയ വേതനം 475/- രൂപയായും വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 01.04.2017 മുതൽ കുറഞ്ഞ വേതനത്തിൽ 50/- രൂപയുടെയും 01.04.2019 മുതൽ മറ്റൊരു 50/- രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| ബി) | വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പാചകതൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡം വിശദമാക്കാമോ ; | ബി) | ഇല്ല. നിലവിൽ 500 കുട്ടികൾക്ക് ഒരു പാചക തൊഴിലാളിയും 500-ന് മുകളിൽ കുട്ടികൾക്ക് രണ്ട് പാചക തൊഴിലാളികളും എന്ന കണക്കിലാണ് നിയമിച്ചിട്ടുള്ളത്. |
| സി) | സ്കൂൾ പാചകത്തൊഴിലാളികൾക്ക് യൂണിഫോം അനുവദിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ യൂണിഫോം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | യൂണിഫോം അനുവദിച്ചിട്ടില്ല. യൂണിഫോം അനുവദിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ